**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2019 ഏപ്രിൽ 2 മുതൽ 4 വരെ ബാങ്കോക്കിൽ നടത്തുന്ന Local Governance Initiative and Network Asia (LOGIN-Asia)-യുടെ വാർഷിക ജനറൽ അസംബ്ലിയിൽ പങ്കെടുക്കുന്നതിനും ബാങ്കോക്കിലേക്കും തിരികെയും യാത്ര ചെയ്യുന്നതിനും കില ഡയറക്ടർ ശ്രീ. ജോയ് ഇളമണിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ. (സാധാ) നം. 747/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 29.03.2019

---

പരാമർശം:- 1) കില ഡയറക്ടറുടെ 14.03.19 തീയതിയിലെ 2016/101/2913 നമ്പർ കത്ത്.

2) ധനകാര്യ (രഹസ്യ) വകുപ്പിന്റെ 16.02.19-ലെ സ.ഉ.(അ) നം. 12/2019/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

2019 ഏപ്രിൽ 2 മുതൽ 4 വരെ ബാങ്കോക്കിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള Local Governance Initiative and Network Asia (LOGIN-Asia)-യുടെ വാർഷിക ജനറൽ അസംബ്ലിയിൽ പങ്കെടുക്കുന്നതിനു അനുമതി നൽകണമെന്നാവശ്യപ്പെട്ട് ടി പരിപാടി സംബന്ധിച്ച വിശദാംശങ്ങൾ സഹിതം പരാമർശം (1)-ലെ കത്ത് മുഖേന കില ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. പരിപാടിയിലേക്കുള്ള യാത്ര, താമസം ഉൾപ്പെടെയുള്ള ചെലവുകൾ ലോഗിൻ വഹിക്കുന്നതാണെന്നും സർക്കാരിനോ, കിലയ്ക്കോ ഇതുമായി ബന്ധപ്പെട്ടു യാതൊരു സാമ്പത്തിക ബാധ്യതകളും ഇല്ലായെന്നും കത്തിൽ പരാമർശിച്ചിരുന്നു.

(2) സർക്കാർ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക A(3) വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ഏപ്രിൽ 2 മുതൽ 4 വരെ ബാങ്കോക്കിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള Local Governance Initiative and Network Asia (LOGIN-Asia) വാർഷിക ജനറൽ അസംബ്ലിയിൽ പങ്കെടുക്കുന്നതിനും, ബാങ്കോക്കിലേക്കും തിരികെയും യാത്ര ചെയ്യുന്നതിനും പരാമർശം (2)-ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കില ഡയറക്ടർ ശ്രീ. ജോയ് ഇളമണിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി എം.ആർ.

അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കില, തൃശ്ശൂർ.

ശ്രീ. ജോയ് ഇളമൺ, ഡയറക്ടർ, കില, തൃശ്ശൂർ.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ